# 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 391** **28-06-2022 - ൽ മറുപടിയ്ക്ക്**

### നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെട്രോളിയം ഉൽപന്നങ്ങളുടെ വിലവർദ്ധനവ് മൂലം നിർമ്മാണ വസ്തുക്കൾക്കുണ്ടാകുന്ന വൻ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവ് മൂലം ബിറ്റുമിന്റെ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിലവർദ്ധനവ് നിർമ്മാണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചതും സാധാരണക്കാരുടെ വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുള്ളതും പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ബിറ്റുമിന്റെ വിലവർദ്ധനവ് മൂലം കരാറുകാർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കാൻ വിവിധ ഉത്തരവുകളിലൂടെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപന്നങ്ങളുടെ വിലവർദ്ധനവ് മൂലം മറ്റ് നിർമ്മാണ വസ്തുക്കൾക്കുണ്ടാകുന്ന വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള ശുപാർശകൾ ഈ വകുപ്പിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത വിലക്കയറ്റം തടയാൻ സ്വീകരിച്ച നടപടികൾ ഫലപ്രദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്ത് തുടർ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | ബിറ്റുമിന്റെ വിലക്കയറ്റം മൂലം കരാറുകാർക്ക് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ ഫലപ്രദമാണെന്ന് കാണുന്നു. |

സെക്ഷൻ ഓഫീസർ